ദേശാഭിമാനി

28-01-2003

# മന്നവൻ ചോലയിൽ അപൂർവ ചിലന്തി



കൊച്ചി: ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ ചോലവനങ്ങളെന്നറിയപ്പെടുന്ന മൂന്നാറിലെ മന്നവൻ ചോലയിൽനിന്നും കിഴക്കൻ ഹിമാലയപ്രദേശങ്ങളിൽ മാത്രം കണ്ടുവരുന്ന പ്രത്യേകതരം ചിലന്തിയെ കണ്ടെത്തി. അപൂർവയിനം ചിലന്തിയെയാണ് ലഭിച്ചത്.

1975ൽ ബംഗാളി ശാസ്ത്രജ്ഞൻ ഡോ. ബി കെ തിക്കാധറാണ് ആദ്യമായും അവസാനമായും ഈ ചിലന്തിയെ കണ്ടത്. ഒമ്പതുമീറ്റർ നീളമുള്ള ഇതിന്റെ ഉദരത്തിന്റെ മുകൾഭാഗം ഇളംചാരനിറത്തിൽ കറുത്തപാടുകളോടുകൂടിയതാണ്. ഉദരത്തിന്റെ മുൻഭാഗത്ത് വശങ്ങളിലായി കാണുന്ന രണ്ടു മുഴകളും 'റ' ആകൃതിയിലുള്ള വെള്ളവരയും ഇളംമഞ്ഞകലർന്ന തവിട്ടുനിറമുള്ള കാലുകളുമാണ് ഇതിനെ തിരിച്ചറിയാൻ സഹായിക്കുന്നത്.

ഇടതൂർന്നുവളരുന്ന ചോലവനങ്ങളിൽ മാത്രം ജീവിക്കാൻ കഴിയുന്ന ഈ ചിലന്തിയുടെ ശാസ്ത്രനാമം 'അരാനിയന ഹിമാലയൻസിസ്' എന്നാണ്. ചിലന്തി വർഗങ്ങളിൽ 'അരാനിഡേ' കുടുംബത്തിലാണ് ശാസ്ത്രജ്ഞർ ഇതിനെ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഡോ. പി എ സെബാസ്റ്റ്യന്റെ മേൽനോട്ടത്തിൽ തേവര സേക്രഡ്ഹാർട്ട് കോളേജിൽ നടന്നുവരുന്ന ചിലന്തി ഗവേഷണത്തിന്റെ ഭാഗമായി ഗവേഷകരായ സുധികുമാർ, എബി വർഗീസ്, സുനിൽജോസ് എന്നിവർ ചേർന്ന് മന്നവൻചോല കേന്ദ്രീകരിച്ചുനടത്തിയ പഠനങ്ങളാണ് ഈ ചിലന്തിയെ കണ്ടെത്താൻ സഹായിച്ചത്. ഈ ചിലന്തിയെ കൂടാതെ മുപ്പതോളം ചിലന്തികളെ മന്നവൻചോലയിൽ ഈ പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.